**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1618

21.01.2014 ലെ മറുപടിയ്ക്ക്

**ന്യൂനപക്ഷക്ഷേമ പ്രൊമോട്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| എ) | സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോ; | എ) | നിയോഗിച്ചിട്ടുണ്ട് . |
| ബി) | ഓരോ തദ്ദേശസ്ഥാപനത്തിനും എത്രപേരെ വീതമാണ് നിശ്ചയിച്ചിരിക്കുന്നത്; | ബി) | ഗ്രാമ പഞ്ചായത്തുകളിൽ -1 മുനിസിപ്പാലിറ്റിയിൽ -3, കോർപ്പറേഷനിൽ -5 എന്ന പൊതുമാനദണ്ഡപ്രകാരം ഇതിനകം 903 പ്രമോട്ടർമാരെ നിയമിച്ചിട്ടുണ്ട്. ന്യൂനപക്ഷ ജനസംഖ്യാനുപാതം കൂടി കണക്കിലെടുത്ത് കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഗ്രാമപഞ്ചായത്തുകളിൽ 1 വീതവും മറ്റ് ജില്ലകളിൽ ഒന്ന്/ രണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു പ്രമോട്ടർ എന്ന തോതിലുമാണ് നിയമനം നടത്തിയിട്ടുള്ളത്. |
| സി) | മലപ്പുറം ജില്ലയിൽ നിയമിക്കപ്പെട്ടവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | സി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) | ഏതൊക്കെ മതവിഭാഗങ്ങളാണ് സംസ്ഥാനത്ത് ന്യൂനപക്ഷ പദവിയിലുള്ളത് എന്ന് അറിയിക്കാമോ; | ഡി) | മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി എന്നീ മതവിഭാഗക്കാരാണ് സംസ്ഥാനത്ത് ന്യൂനപക്ഷ പദവിയിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| ഇ) | ഓരോ ജില്ലയിലും നിയമിക്കപ്പെട്ട പ്രൊമോട്ടർമാർ ഏതൊക്കെ മതവിഭാഗങ്ങളിൽപ്പെട്ടവരാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ? | ഇ) | |

| ജില്ല | മുസ്ലീം | ക്രിസ്ത്യൻ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 45 | 10 | 55 |
| കൊല്ലം | 43 | 3 | 46 |
| പത്തനംതിട്ട | 39 | 14 | 53 |
| ആലപ്പുഴ | 38 | 12 | 50 |
| കോട്ടയം | 33 | 22 | 55 |
| ഇടുക്കി | 35 | 10 | 45 |
| എറണാകുളം | 47 | 17 | 64 |
| തൃശ്ശൂർ | 56 | 25 | 81 |
| പാലക്കാട് | 78 | 5 | 83 |
| മലപ്പുറം | 114 | 0 | 114 |
| കോഴിക്കോട് | 79 | 5 | 84 |
| വയനാട് | 22 | 6 | 28 |
| കണ്ണൂർ | 87 | 12 | 99 |
| കാസർഗോഡ് | 44 | 2 | 46 |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**